# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2410

12.06.2018 ൽ മറുപടിക്ക്

### പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ജി. എസ്. ജയലാൽ**<br>**ശ്രീ. എൽദോ എബ്രഹാം**<br>**ശ്രീ. വി. ആർ. സുനിൽ കുമാർ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കഴിഞ്ഞ നാല് വർഷങ്ങളിലായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്ത് ലഭിച്ച നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഗെയിൽ ഇൻഡ്യാ ലിമിറ്റഡ് കൊച്ചി - ബാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി 2,500 കോടി രൂപ കേരളത്തിൽ ചിലവഴിച്ചിട്ടുണ്ട്. ബി.പി.സി.എൽ. 16,504 കോടി രൂപ റിഫൈനറി വികസനത്തിനായി 2012-17 വരെ കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. കൂടാതെ 5,246 കോടി രൂപ 2019 ഫെബ്രുവരിയിൽ പൂർത്തീകരിക്കാനിരിക്കുന്ന Propelene Derivatives Petrochemical Project (PDPP), 337.06 കോടി രൂപ Heat Traced Pipeline പദ്ധതിക്കും, 184 കോടി രൂപ പാലക്കാട് LPG Bottling Plant, 3,313 കോടി രൂപ മുതൽമുടക്കുള്ളതും 2020 ഫെബ്രുവരിയിൽ പൂർത്തീകരിക്കാനിരിക്കുന്ന Motor Spirit Block Project (MSBP) എന്നീ പദ്ധതികൾക്കായി കഴിഞ്ഞ നാല് വർഷങ്ങളിലായി ബി.പി.സി.എൽ കേരളത്തിൽ നിക്ഷേപിച്ചിട്ടുണ്ട്.<br><br>ഐ.ടി.ഐ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിന് 112.5 കോടി രൂപയുടെ നിക്ഷേപം ഈ കാലയളവിൽ കാപെക്സ് ഫണ്ട് ഇനത്തിൽ കമ്പനിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. കൊച്ചി അമ്പലമുകളിലുള്ള |

| | | | |
|---|---|---|---|
| | | | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന് 2014 ഒക്ടോബർ മാസം കേന്ദ്ര ഗവൺമെന്റ് ഗാരന്റിയോടെ 150 കോടി രൂപയുടെ വായ്പ അസംസ്കൃത സാധനങ്ങൾ വാങ്ങിയ ഇനത്തിലും മറ്റുമുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. |
| **(ബി)** | സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(ബി)<br>(സി)<br>&<br>(ഡി)** | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യതയോടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ മേഖലയിലെയും വൈദഗ്ദ്ധ്യമുള്ളവരെ എം ഡി മാരായി നിയമിച്ചു. ഡയറക്ടർ ബോർഡുകളിൽ സാങ്കേതിക / മാനേജ്മെന്റ് രംഗത്ത് വൈദഗ്ദ്ധ്യം നേടിയവരുടേയും സേവനം ലഭ്യമാക്കിയിരുന്നു. കാര്യക്ഷമമായ മാനേജ്മെന്റിലൂടെ ചെലവുകൾ കുറച്ച് കാര്യക്ഷമമായ നടപടികളാണ് കൈക്കൊണ്ടു വരുന്നത്.<br>നവീകരണ-വിപുലീകരണ പദ്ധതികൾക്ക് മുൻഗണന നല്കിവരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2017-18) രണ്ടുവർഷ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 270.00 കോടി രൂപയും 2018-19 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ടെക്സ്റ്റൈൽ മേഖലക്കു മായി 297.35 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് |
| **(സി)** | മുൻവർഷങ്ങളിൽ നഷ്ടമുണ്ടായ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ലാഭത്തിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |
| **(ഡി)** | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാലാനുസൃതമായ നവീകരണം, ഉല്പന്നവൈവിദ്ധ്യവല്ക്കരണം, മത്സരക്ഷമത എന്നീ മേഖലകളിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് , ടെൽക്ക്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടികൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭത്തിലാണ്.<br>2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽ നിന്നും 2016-17 ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാനും, 2017-18 ൽ 106.09 കോടി രൂപ മൊത്തം ലാഭം ഉണ്ടാക്കുവാനും കഴിഞ്ഞു. 2017 – 18 ൽ ചവറയിലെ KMML 195.78 കോടി രൂപയുടെ റെക്കോർഡ് ലാഭമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, കെമിക്കൽ മേഖലയിലെ TTP, TCC എന്നീ സ്ഥാപനങ്ങളും 2017-18 ൽ റെക്കോർഡ് ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**